**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## <u>വിജ്ഞാപനം</u>

## <u>കീം-2026</u>

## <u>MBBS/BDS കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2026</u>

## <u>ഒന്നാംഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ പുന:ക്രമീകരിച്ചു</u>

## <u>സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജുകളിലെ 15% AIQ സീറ്റുകളിലേയ്ക്കും , PIMS PALAKKAD സീറ്റുകളിലേയ്ക്കും ഓപ്ഷൻ നൽകാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്</u>

മെഡിക്കൽ കൗൺസലിംഗ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം MBBS/BDS കോഴ്സുകളിലേയ്ക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റിനായുള്ള ഓപ്ഷൻ രജിസ്ട്രേഷൻ/ഡിലീഷൻ/പുന:ക്രമീകരണം എന്നിവയ്ക്കുള്ള സൗകര്യം **24.08.2026, 11.00 AM** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതുവരെ ഓപ്ഷൻ നൽകാത്തവർക്ക് പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുവാനും ഇതുവരെ ഓപ്ഷനുകൾ നൽകിയവർക്ക് അത് പുന:ക്രമീകരിക്കുവാനും ആവശ്യമെങ്കിൽ അവ റദ്ദാക്കുവാനുമുള്ള സൗകര്യം ഉണ്ടായിരിക്കും. **24.08.2026, 11.00** വരെ ലഭ്യമാകുന്ന ഓപ്ഷനുകൾ കൂടി ഉൾപ്പെടുത്തി **25.08.2026** ന് താത്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. തുടർന്ന് **27.08.2026** ന് അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.

**<u>അലോട്ട്മെന്റ് ഷെഡ്യൂൾ</u>**

| | |
|---|---|
| **15.08.2026** | എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേക്ക് പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് വെബ് സൈറ്റ് സജ്ജമാകുന്നു. |
| **24.8.2026, 11.00 AM** | ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| **25.08.2026** | താത്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം. |
| **27.08.2026** | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം. |
| | |

| | |
|---|---|
| **28.08.2026 To 05.09.2026, 4.00 PM** | അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഫീസ് അടച്ച് പ്രവേശനം നേടാനുള്ള സമയം. |
| **05.09.2026, 5.00 PM** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ട സമയം. |

സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജുകളിലേയ്ക്കുള്ള 15% AIQ സീറ്റുകളിലേയ്ക്ക് ഓപ്ഷൻ നൽകാനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. മേൽ സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് സർക്കാർ ഉത്തരവുകൾക്ക് ബാധകമായിരിക്കും.PIMS പാലക്കാട് കോളേജിലേയ്ക്ക് ഈ അവസരത്തിൽ ഓപ്ഷൻ നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ടി കോളേജിലെ വാർഷിക ഫീസ് (താത്ക്കാലികം) Rs.8,98,800/- (General Category), Rs.21,65,720/-(NRI) നിശ്ചയിച്ചിട്ടുണ്ട്.

വിവിധ കാരണങ്ങളാൽ റാങ്ക് ലിസ്റ്റിൽ ഫലം തടഞ്ഞു വച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ **23.08.2026 ന് വൈകുന്നേരം 3.00 മണിക്കു മുമ്പായി** ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ അപ്‌ലോഡ് ചെയ്യാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. ഒന്നാംഘട്ട ഓപ്ഷൻ രജിസ്ട്രേഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് 15.08.2026-ലെ വിജ്ഞാപനം കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712332120, 2338487**

Digitally signed by
Shibu A
Date: 20-08-2026
21:18:50

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
20-08-2026